# എൻ.ആർ.കെ പദ്ധതിക്ക് സ്വീകാര്യതയേറുന്നു

**വഹീദ് സമാൻ**

മലപ്പുറം: പ്രവാസികൾക്കായി സംസ്ഥാന സർക്കാറിന്റെ സഹായത്തോടെ കേരള ഫിനാൻഷ്യൽ കോർപറേഷൻ ആവിഷ്കരിച്ച നോൺ റെസിഡന്റ് കേരളൈറ്റ്സ് (എൻ.ആർ.കെ) പദ്ധതിക്ക് സ്വീകാര്യതയേറുന്നു. പദ്ധതി പ്രഖ്യാപിച്ച് ഒന്നര വർഷത്തിനുള്ളിൽ ഒരു കോടിയിലേറെ രൂപ മലപ്പുറത്ത് മാത്രം അനുവദിച്ചു. ഇവിടെ 75 ലക്ഷം രൂപയുടെ പദ്ധതിക്ക് ഉടൻ അംഗീകാരം നൽകും.

2007 ജൂലൈ ഒന്നിന് ശേഷം വിദേശത്ത് തൊഴിൽ നഷ്ടപ്പെടുകയോ ജോലി അവസാനിപ്പിച്ച് തിരിച്ചുവരികയോ ചെയ്തവർക്കാണ് പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്. സാധാരണ 11 ശതമാനം പലിശ ഈടാക്കുന്ന കെ.എഫ്.സി ഏഴ് ശതമാനം പലിശയേ എൻ.ആർ.കെ പദ്ധതിക്ക് ഈടാക്കുന്നുള്ളൂ. ഏഴു വർഷം വരെയാണ് തിരിച്ചടവ് കാലാവധി. ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50 ലക്ഷം രൂപ വരെ അതാത് ജില്ലാ കേന്ദ്രങ്ങളിലെ കെ.എഫ്.സി മാനേജർമാർക്ക് അനുവദിക്കാം. അൻപത് ലക്ഷത്തിന് മുകളിലുള്ള പദ്ധതികൾ തിരുവനന്തപുരത്തെ പ്രധാന ഓഫീസിൽ നിന്നാണ് അനുവദിക്കുക.

സർവീസ്, മാനുഫാക്ചറിംഗ് തുടങ്ങി വിവിധ മേഖലകളിലെ സംരംഭങ്ങൾക്കാണ് തുക അനുവദിക്കുക.

ഇതുപ്രകാരം ടാക്സി വാഹനങ്ങൾ, കടകൾ, ഇലക്ട്രോണിക്സ് ആന്റ് ഇലക്ട്രിക്കൽസ്, ഭക്ഷ്യ സംസ്കരണം തുടങ്ങി വിവിധ പദ്ധതികൾക്ക് വായ്പ നൽകും. 30 ലക്ഷത്തിന് താഴെയുള്ള സംരംഭങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ട് ആവശ്യമില്ലെന്ന പ്രത്യേകതയുമുണ്ട്. സംരംഭകർക്ക് കെ.എഫ്.സി നിയോഗിച്ച വിദഗ്ധസമിതി സാങ്കേതിക-മാനേജ്മെന്റ് നിർദേശങ്ങളും നൽകും.

ഒന്നിലധികം ആളുകളുള്ള ഗ്രൂപ്പ് സംരംഭങ്ങൾക്കും വായ്പ നൽകുന്നുണ്ട്. അംഗങ്ങളെല്ലാം 2007 ജൂലൈ ഒന്നിനുശേഷം വിദേശത്ത് തൊഴിൽ നഷ്ടമാവുകയോ പ്രവാസം അവസാനിപ്പിക്കുകയോ ചെയ്തവരാകണമെന്നാണ് നിബന്ധന. മലപ്പുറം ജില്ലയിൽ നിരവധി ഗ്രൂപ്പ് സംരംഭങ്ങൾക്കും വായ്പ നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ എൻ.ആർ.കെ പദ്ധതി വൻവിജയമാണെന്ന് കേരള ഫിനാൻഷ്യൽ കോർപറേഷൻ ബ്രാഞ്ച് മാനേജർ എം.എ. പ്രേംരാജ് മലയാളം ന്യൂസിനോട് പറഞ്ഞു. വിദേശത്തുനിന്ന് തൊഴിൽ നഷ്ടപ്പെട്ട നിരവധി പേർക്ക് ഇതിനകം തന്നെ വായ്പ അനുവദിച്ചുകഴിഞ്ഞു. 75 ലേറെ അപേക്ഷകരുടെ കാര്യത്തിൽ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഈ മാർച്ചിന് മുമ്പ് കൂടുതൽ തുക വിതരണം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

അതേസമയം വായ്പ തേടുന്ന സംരംഭകരിൽ ഭൂരിഭാഗവും കടം വീട്ടാനുള്ള പണത്തിന് വേണ്ടിയാണ് എത്തുന്നത്. പത്തും ഇരുപതും വർഷം വിദേശത്ത് ജോലി ചെയ്ത് സമ്പാദ്യമെല്ലാം തീർന്ന് സ്വന്തമായി വരുമാനമോ പണമോ മിച്ചമില്ലാത്തവരാണ് പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ മുന്നോട്ടുവരുന്നത്. ഇത്തരത്തിലുള്ള മുന്നൂറിലേറെ അപേക്ഷകർ കുറഞ്ഞ കാലയളവിനുള്ളിൽ വായ്പക്കായി എത്തിയതായും അദ്ദേഹം പറഞ്ഞു. ഇവരെ സഹായിക്കാൻ കെ.എഫ്.സിക്ക് പദ്ധതിയില്ല. വിദേശത്തുനിന്ന് ലഭിച്ച വരുമാനമെല്ലാം കുടുംബത്തിന്റെ ആവശ്യങ്ങൾക്കായി ചെലവിട്ട് ജോലി നിർത്തി നാട്ടിലെത്തിയവരാണ് തുടർന്ന് ഉപജീവനത്തിനു പോലും ഗതിയില്ലാതെ വായ്പക്കു വേണ്ടി സമീപിക്കുന്നത്. ഗൾഫിലേക്ക് പോകുന്നതിന് വേണ്ടി പലരിൽനിന്നും കടം വാങ്ങിയ പണം തിരിച്ചുകൊടുക്കാൻ വേണ്ടി പോലും വായ്പ എടുക്കാനെത്തുന്നവരുണ്ട്. പ്രവാസ ജീവിതത്തിൽ ഈ തുക പോലും തിരിച്ചടക്കാൻ കഴിയാത്തവരെ സഹായിക്കാനാവശ്യമായ പദ്ധതിയോ വകുപ്പോ നിലവിലില്ല. എൻ.ആർ.കെ പദ്ധതി പ്രകാരമുള്ള സംരംഭങ്ങളുടെ കൂടുതൽ വിശദാംശങ്ങൾ 9496030112, 9447679184 നമ്പറുകളിൽ ലഭിക്കും.